K24U 2823

Reg. No.: ..............................

Name : ..................................

**V Semester B.A. Degree (C.B.C.S.S.-O.B.E. – Regular/Supplementary/ Improvement) Examination, November 2024**
**(2019 to 2022 Admissions)**
**CORE COURSE IN MALAYALAM**
**5B07 MAL : വ്യാകരണ പഠനങ്ങൾ**

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ **രണ്ട്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(2×7=14)**

1) മലയാളഭാഷയുടെ ഉത്പത്തിയെ പറ്റിയുള്ള സിദ്ധാന്തങ്ങൾ ഏതൊക്കെ ? വിശദീകരിക്കുക.

2) മലയാളം തമിഴിൽ നിന്നു വേർപിരിയുന്നതിനു കാരണമായി സൂചിപ്പിക്കുന്ന ആറു നയങ്ങൾ ഏതൊക്കെ ?

3) കേരളപാണിനീയത്തിലെ സന്ധിപ്രകരണം സവിശേഷമായി ചർച്ച ചെയ്യുക.

4) അം അംഗപ്രത്യയമാണോ ലിംഗപ്രത്യയമാണോ ? എ. ആറിന്റെ നിരീക്ഷണങ്ങൾ ക്രോഡീകരിക്കുക.

II. **150** വാക്കിൽ കവിയാതെ **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(4×3=12)**

5) ഭാഷയിലെ ലിംഗവ്യവസ്ഥ അർത്ഥമനുസരിച്ചാകയാൽ വളരെ സയുക്തികമായിരിക്കുന്നുണ്ട്. – വിലയിരുത്തുക.

6) വിഭക്ത്യാഭാസം – വിശദീകരിക്കുക.

7) ഭേദകങ്ങളുടെ ഉൾപിരിവുകൾ ഏതെല്ലാം ?

8) വർണ്ണങ്ങൾക്കു പലമാതിരി ശ്രുതിഭേദം ഉണ്ടാകുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാം ?

9) എന്താണ് സമുച്ചയം ? വിശദീകരിക്കുക.

10) എന്താണ് അനുപ്രയോഗം ? അവയുടെ അവാന്തര വിഭാഗങ്ങൾ ഏതെല്ലാം ?

P.T.O.



III. **100** വാക്കിൽ കവിയാതെ **നാല്** ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **(4×2=8)**

11) വർണം-അക്ഷരം-ലിപി ഇവ തമ്മിലുള്ള വ്യത്യാസമെന്ത് ?

12) എന്താണ് സംവൃതോകാരം ?

13) ആഗമസന്ധി ഉദാഹരണ സഹിതം വിശദീകരിക്കുക.

14) വാചകവും ദ്യോതകവും തമ്മിലുള്ള വ്യത്യാസമെന്ത് ?

15) അകാരംതാൻ ഇകാരംതാൻ
കുറി കാരകകൃത്തിന് – വ്യാഖ്യാനിക്കുക.

16) നാമാർത്ഥവസ്തുവിന്നുള്ള
പുംസ്ത്രീക്ലീബങ്ങൾ ലിംഗമാം;
ജഡജന്തുക്കളും ക്ലീബം
പുംസ്ത്രീഭേദാവിവക്ഷയാൽ – വിശദീകരിക്കുക.

IV. **നാല്** ചോദ്യങ്ങൾക്കു ചെറുകുറിപ്പുകൾ തയ്യാറാക്കുക. **(4×1½=6)**

17) അർത്ഥയുക്താക്ഷരം ശബ്ദ –
മതേ പ്രകൃതിയെന്നതും – വ്യാഖ്യാനിക്കുക.

18) സ്വരത്തിൻമുൻപു ലോപിക്കും സംവൃതം വ്യർത്ഥമാകയാൽ,
അതിനെ സ്വരമായിട്ടേ വകവയ്ക്കേണ്ട സന്ധിയിൽ – ഏതു സന്ധിയിൽ ? ഒരു ഉദാഹരണം.

19) വിനയെച്ചങ്ങൾ ഏതെല്ലാം ?

20) ശബ്ദങ്ങളെ എത്രയായി തരംതിരിക്കാം ? അവ ഏതെല്ലാം ?

21) ദ്യോതക പദങ്ങളെ എത്രയായി പിരിക്കാം ? അവ ഏതെല്ലാം ?

22) എന്താണ് ചുട്ടെഴുത്ത് ?

______________